# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1079 — 12.06.2014 ൽ മറുപടിയ്ക്ക്

സ്വാശ്രയ മെഡിക്കൽ-എൻജിനീയറിംഗ് ഫീസ് വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| സ്വാശ്രയ മെഡിക്കൽ/ എൻജിനീയറിംഗ് പ്രവേശനത്തിന് മാനേജ്മെന്റുകളുമായി കരാറിലേർപ്പെടാൻ ഉണ്ടാകുന്ന കാലതാമസം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉളവാക്കുന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | എ) 2014-15 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശനം സംബന്ധിച്ച് കാത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായും (KCECMA) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായും (KSFECMA) സർക്കാർ ഫീസ് സംബന്ധിച്ച കരാറിലേർപ്പെട്ടിട്ടുണ്ട്. മെഡിക്കൽ പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി സർക്കാർ ഇതിനോടകം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് കരാറിൽ ഏർപ്പെടുന്നതിനായി മാനേജ്മെന്റുകളുമായി ചർച്ചകൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. പ്രവേശനത്തിന് മുമ്പ് നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ